**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3730** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | വകുപ്പിന്റെ ലാപ്ടോപ് ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ബിരുദ/ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് 1-ാം വർഷം പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000/-രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതു പ്രകാരം 2020-21 സാമ്പത്തിക വർഷം വകയിരുത്തിയ 5,40,75,000/- രൂപയിൽ 1371 വിദ്യാർത്ഥികൾക്കായി 3,42,90,874രൂപ ചെലവഴിച്ചു. കൂടാതെ 2020-21 അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിക്കായി 14 കോടി 60 ലക്ഷം രൂപ 14 ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടത്തിൽ ഡിഗ്രി, പ്ലസ് ടു കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ് വാങ്ങി നൽകുന്നതിനും, ബിരുദം, ബിരുദാനന്തര ബിരുദം മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ